**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 330 | 28.01.2019 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം** | |
| ചോദ്യം | മറുപടി |
| **ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.വി. കെ. സി. മമ്മത് കോയ**<br>**,, സി. കെ. ശശീന്ദ്രൻ**<br>**പ്രൊഫ.കെ.യു. അരുണൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് ഏറ്റവും വിഘാതമാണെന്നതിനാൽ സ്ത്രീകളോടും കുട്ടികളോടുമുള്ള അവഗണന, അതിക്രമം, അധിക്ഷേപം, ചൂഷണം മുതലായവയിൽ നിന്ന് അവരെ രക്ഷിക്കുന്നതിന് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഗാർഹിക പീഡനത്തിനിരയായ സ്ത്രീകൾക്ക് സംരക്ഷണവും, നിയമ പരിരക്ഷയും നൽകുന്നതിന് വിവിധഹോമുകളും, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ലൈംഗിക അതിക്രമത്തിന് ഇരയായ കുട്ടികൾക്കായി സംസ്ഥാനത്ത് 13 വിമൺ ആന്റ് ചിൽഡ്രൻസ് ഹോമുകളും, അതിക്രമത്തിനിരയായ സ്ത്രീകൾക്കും കുട്ടികൾക്കുമായി വൺ സ്റ്റോപ്പ് സെന്റർ, കൗൺസലിംഗ്, നിയമ സഹായം, ഇടക്കാല സമാശ്വാസ നിധി എന്നിവ നടപ്പിലാക്കി വരുന്നു. 2015 ലെ ബാലനീതി (ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ) നിയമവും അനുബന്ധചട്ടങ്ങളും അനുസരിച്ച് കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ സംയോജിപ്പിച്ചുകൊണ്ട് സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS) പ്രവർത്തിച്ചുവരുന്നു. ബാലചൂഷണം, ഭിക്ഷാടനം എന്നിവയിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിന് ശരണബാല്യം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) ഇപ്രകാരമുള്ള വിവിധ പദ്ധതികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം മോണിറ്ററിംഗ് | (ബി) ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തിരം കുട്ടികൾക്കെതിരെയുള്ള ശാരീരിക, |

| | |
|---|---|
| സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/ പഞ്ചായത്ത്/ജില്ലാതല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പോക്സോ നിയമത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ നേതൃത്വത്തിൽ അങ്കണവാടി വർക്കർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ, കുടുംബശ്രീ പ്രവർത്തകർ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ, സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പാലക്കാട്, മലപ്പുറം ജില്ലകളിൽ പൊതുജന ശ്രദ്ധ ഏറെ ലഭിക്കുന്ന തരത്തിൽ തെരുവുനാടകം, പ്ലക്ക് കാർഡ്, ഫ്ലാഷ് മോബ്, സിനിമാ തീയേറ്ററുകളിൽ പോക്സോ നിയമം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്ന പരസ്യം, തിരക്കുള്ള പ്രദേശങ്ങളിൽ പോസ്റ്ററുകൾ പ്രദർശിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും DCPU തലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച പരിശീലന ബോധവത്കരണ-പ്രചാരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി ബാല സുരക്ഷ എന്ന പേരിൽ വിശദമായ പ്രിവൻഷൻ പ്രോട്ടോക്കോൾ (Prevention Protocol) പുറപ്പെടുവിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമം തടയുന്നതിന് വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാരും പ്രവർത്തിക്കുന്നു. |

| | |
|---|---|
| (സി) അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആശ്വാസനിധി പദ്ധതിയിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ? | (സി) 1) ഗാർഹിക പീഡനത്തിനിരയായ സ്ത്രീകൾ.<br>2) ലൈംഗിക അതിക്രമത്തിന് ഇരയായ കുട്ടികൾ, സ്ത്രീകൾ.<br>3) ആസിഡ് ആക്രമണത്തിന് ഇരയായവർ തുടങ്ങിയവരെയാണ് ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠുരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ധനസഹായം നൽകുന്നതിനായി സ.ഉ(സാധാ)നം. 701/2018/സാ.നീ.വ, തീയതി 10.12.2018 പ്രകാരം ആശ്വാസനിധി എന്ന പദ്ധതി ആവിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവിൽ നിന്നും ലഭിക്കുന്നതാണ്.<br>ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠുരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകുന്നതിനായി ജില്ലാ ശിശു സംരക്ഷണ ആഫീസറും ജില്ലാ വനിത സംരക്ഷണ ആഫീസറും തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടും ശുപാർശയും സമർപ്പിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ധനസഹായം അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകുന്നതിനായി ആശ്വാസനിധി എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.701/2018/സാ.നീ.വ തീയതി, തിരുവനന്തപുരം,10.12.2018**

---

പരാമർശം: (1) വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 07.09.2018 ലെ എൻ-144/17-ാം നമ്പർ കത്ത്.

(2) 25.09.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം.

**ഉത്തരവ്**

2008 മുതൽ 2018 ജൂൺ വരെയുള്ള സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ കൂടിവരികയാണ്. ഈ സാഹചര്യത്തിൽ ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകേണ്ടത് അനിവാര്യമാണ് എന്നും ആയതിനായി ആശ്വാസനിധി എന്ന പദ്ധതിയ്ക്കായി 300 ലക്ഷം രൂപ ചെലവ് വരുമെന്നും പ്രസ്തുത തുകയുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-57(പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) 25.09.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം പരിശോധിച്ച്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സഹായം നൽകുന്നതിനായി NALSA പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ചുവടെ ചേർക്കുന്ന നിബന്ധനകളോടെ പദ്ധതി നടപ്പാക്കേണ്ടതാണ്.

**<u>പദ്ധതിയുടെ ഗുണഭോക്താക്കൾ</u>**

1. ലൈംഗികാതിക്രമത്തിന് ഇരയായവർ
2. ആസിഡ് ആക്രമണത്തിന് ഇരയായ സ്ത്രീകളും കുട്ടികളും
3. ഗാർഹിക പീഢനത്തിന് വിധേയരായവർ
4. ഹീനമായ ലിംഗ വിവേചനത്തിന് ഇരയായവർ

4) ഇത്തരത്തിലുള്ള കുറ്റകൃത്യം രജിസ്റ്റർ ചെയ്യപ്പെടുകയോ സ്വമേധയാ വെളിപ്പെടുകയോ ചെയ്താൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരണമായി, കുട്ടികളുടെ പരാതിയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ/സ്ത്രീകളുടെ പരാതിയിൽ വിമൻ പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർ പരാതി നിർഭയ സെല്ലിന്റെ സംസ്ഥാന കോർഡിനേറ്ററുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിവിധ പരാതികളിൽ ആശ്വാസധനമായി അനുവദിക്കാവുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl. No. | Particulars of loss or injury | Minimum Limit | Upper Limit |
|---|---|---|---|
| 1 | Sexual assault of minors registered under the pocso act<br>• Aggravated penetrative sexual assault<br>• Penetrative sexual assault<br>• Sexual assault<br>• Aggravated sexual assault | Rs. 50,000/- | Rs.1,00,000/- |
| 2 | Rape/Gang Rape/unnatural sexual offenses | Rs. 50,000/- | Rs.1,00,000/- |
| 3 | Loss of life | Rs. 50,000/- | Rs.1,00,000/- |
| 4 | Grievous physical injury or any mental injury due to domestic violence | Rs. 25,000/- | Rs.50,000/- |
| 5 | Women & Children rescued from trafficking | Rs. 25,000/- | Rs.50,000/- |
| 6 | Victims of acid attack | Rs. 1,00,000/- | Rs.2,00,000/- |
| 7 | In case of pregnancy on account of rape (in addition to 1 & 2 above) | Rs. 50,000/- | Rs.1,00,000/- |
| 8 | Loss of any limb or part of body | Rs. 50,000/- | Rs.1,00,000/- |

| | | | |
|---|---|---|---|
| 9 | Loss of Foetus ie, Miscarriage as a result of assault or loss of fertility | Rs. 50,000/- | Rs.1,00,000/- |
| 10 | Victims of burning | Rs. 50,000/- | Rs.1,00,000/- |

5) മേൽ ചേർത്തിരിക്കുന്ന നിബന്ധനകൾക്കനുസരണമായി ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠുരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസമായി ആശ്വാസനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിലേക്കായി 300/- ലക്ഷം രൂപ (മുന്നൂറ് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-57 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഷർമിള മേരി ജോസഫ്**
**സെക്രട്ടറി**

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
ബഹു.ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പി.എസ് ന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.ആരോഗ്യ കുടുംബക്ഷേമവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസിന്
സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്